പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1177. 20.1.2014 -ൽ മറുപടിയ്ക്ക്

**കോളേജുകൾക്ക് സ്വയംഭരണപദവി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്. | | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സ്വയംഭരണ പദവിക്കായി എത്ര കോളേജുകൾ അപേക്ഷിച്ചിട്ടുണ്ട്. ; | (എ) | 2 സർക്കാർ കോളേജുകളും 30 എയ്ഡഡ് കോളേജുകളും സ്വയംഭരണപദവി ലഭിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. |
| (ബി) | ഇവയിൽ ഏതൊക്കെ കോളേജുകൾക്കാണ് സ്വയംഭരണ പദവി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (ബി) | 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | സ്വയംഭരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ? | (സി) | സ്വയംഭരണ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ചു വരുന്ന കോളേജായിരിക്കണം.<br>2. NAAC ന്റെ എഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.<br>3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം. |

4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.
5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം.
6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതിവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.
7. കോളേജുകൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം. അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.
8. ദുർബ്ബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.
9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ

അർത്ഥത്തിലും കാത്തു സൂക്ഷിക്കുന്നതിന് കോളേജുകൾ പ്രാപ്തമായിരിക്കണം.

10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ, തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ, ഇതരജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.
11. സ്വയംഭരണ പദവി നൽകുന്ന കോളേജുകളിൽ യൂജിസി നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ